LIBRARY ARCHIVES Kerala Legislative Assembly

## പരിസ്ഥിതി സൗഹൃദ വ്യവസായങ്ങൾ

180(578) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി സൗഹൃദമായ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) ഇല്ലെങ്കിൽ അത്തരം പദ്ധതി രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. പരിസ്ഥിതി സൗഹൃദ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് പ്ലാസ്റ്റിക് വേസ്റ്റ് റീ സൈക്ലിംഗ് യൂണിറ്റ്, ജൈവ വിഘടന സ്വഭാവമുള്ള പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ എന്നിവയ്ക്ക് മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തി 5% അധിക സബ്സിഡി സംരംഭകത്വ സഹായ പദ്ധതി പ്രകാരം നൽകിവരുന്നു. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള വ്യവസായ വികസന ഏരിയകളിലും പ്ലോട്ടുകളിലും 5% പ്ലാസ്റ്റിക് റീസൈക്ലിംഗ് വ്യവസായങ്ങൾക്ക് നീക്കി വെക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ശുചിത്വമിഷനുമായി ചേർന്ന് ഇത്തരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് സബ്സിഡി നൽകുന്ന പദ്ധതി നടപ്പിലാക്കാൻ പരിപാടിയുണ്ട്.

## ഇടക്കൊച്ചിയെ സുസ്ഥിര വികസന മേഖലയാക്കുന്നതിന് പദ്ധതി

181(579) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ ഇടക്കൊച്ചിയെ സുസ്ഥിര വികസന മേഖലയാക്കുന്നതിനായി 2010-ൽ തയ്യാറാക്കിയ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സാങ്കേതിക പരിശോധനക്കായി കെ.എസ്.ഐ.ഡി.സി.-യും കിൻഫ്രയും സംയുക്തമായി വിദഗ്ധസമിതിയെക്കൊണ്ട് പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) 2010-ൽ ഇൻകെൽ തയ്യാറാക്കിയ പദ്ധതിയുടെ റിപ്പോർട്ടിനെ കുറിച്ച് സമഗ്രമായ ഒരു സാങ്കേതിക പരിശോധന സംയുക്തമായി നടത്താൻ കെ.എസ്.ഐ.ഡി.സി. യേയും കിൻഫ്രയേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച പഠനം പൂർത്തിയായിട്ടില്ല.